| പതിമൂന്നാം കേരള നിയമസഭ | |
|---|---|
| പതിനാറാം സമ്മേളനം | |
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 23 | 08/02/2016 ൽ മറുപടിക്ക് |
| അഴിമതി | |
| ചോദ്യം | മറുപടി |
| ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.സാജുപോൾ | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി ) |

| | | | |
|---|---|---|---|
| (എ) | അഴിമതി എന്ന മഹാവിപത്ത് സർക്കാർ സംവിധാനങ്ങളെ നിശ്ചലമാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | അഴിമതി എന്ന മഹാവിപത്ത് സർക്കാർ സംവിധാനങ്ങളെ നിശ്ചലമാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വികസനത്തിനായി ചെലവഴിക്കുന്ന തുക യഥാക്രമം ജനങ്ങളിൽ എത്തിക്കാൻ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥർ വീഴ്ച വരുത്തുമ്പോൾ ഉണ്ടാകുന്ന പരാതികളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മുഖേന അന്വേഷിച്ച് നടപടി സ്വീകരിക്കാറുണ്ട്. പ്രസ്തുത പരാതികളിൻമേൽ മാത്രമേ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്താറുള്ളൂ. എന്നാൽ പദ്ധതികളുടെ നടത്തിപ്പിൽ സാങ്കേതികമായ അപാകതയോ, വീഴ്ചയോ ശ്രദ്ധയിൽപ്പെട്ടാൽ അന്വേഷണം നടത്താറുണ്ട്. |
| (ബി) | ഇതുമൂലം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വികസനത്തിനായി ചെലവഴിക്കുന്ന പണത്തിന്റെ ഗുണഫലങ്ങൾ ജനങ്ങളിൽ പൂർണ്ണമായും എത്തുന്നില്ലെന്ന് അറിയാമോ; | | |
| (സി) | വൻ തുക കോഴ നൽകിയാൽ മാത്രമെ പുതിയ സംരംഭങ്ങൾ തുടങ്ങാൻ ആവശ്യമായ അനുമതി ലഭിക്കുകയുള്ളൂ എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;എങ്കിൽ സംരംഭകർ പിന്തിരിഞ്ഞിട്ടുള്ളതായി മനസിലാക്കിയിട്ടുണ്ടോ; | (സി) യും (ഡി) യും | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഈ സ്ഥിതിവിശേഷം ഏതെങ്കിലും സംരംഭകരെ സംസ്ഥാനത്ത് നിന്നും അകറ്റിയിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | | |
| (ഇ) | വിജിലൻസ് സംവിധാനം കാര്യക്ഷമമല്ലാത്തതാണ് ഇതിനെല്ലാം കാരണമായിട്ടുള്ളതെന്നറിയാമോ; ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ? | (ഇ) | വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കാര്യക്ഷമമായും സത്യസന്ധമായുമാണ് പ്രവർത്തിക്കുന്നത്. സംസ്ഥാനത്തുടനീളം ലഭിക്കുന്ന പരാതികളിന്മേൽ വിജിലൻസ് അന്വേഷണ പരിധിയിൽപ്പെടുന്നവയാണ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷിക്കുന്നത്. ഇതു കൂടാതെ അഴിമതി വർദ്ധിക്കുന്നതിനുള്ള സാഹചര്യം ഇല്ലാതാക്കൽ, വിവിധ ഓഫീസുകൾ കേന്ദ്രീകരിച്ച് ഇടയ്ക്കിടെ മിന്നൽ പരിശോധനകളും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സംസ്ഥാനവ്യാപകമായി നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

| | | | |
|---|---|---|---|
| | | | ആശ്രിതരുടെയും ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചത്, ദേശീയപാതയിൽ അപകടപ്പെടുന്നവരുടെ ചികിത്സാ ചെലവ് സർക്കാർ വഹിക്കും, പ്രമുഖ പത്രപ്രവർത്തക പെൻഷൻ വർദ്ധിപ്പിച്ചു, വിതുരയിൽ ഐസർ കാമ്പസ് പ്രവർത്തനം ആരംഭിച്ചു, പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യ സെക്യൂരിറ്റി കാർഡും പ്രോസ്പെക്ടസും, പ്രതിരോധ സേന- സൗജന്യ പ്രീറിക്രൂട്ട്മെന്റ് പരിശീലനം, രണ്ടു വയസ്സിന് താഴെ പ്രായമുള്ള കുട്ടികളുടെ അമ്മമാരെ തിരഞ്ഞെടുപ്പ് ജോലിയിൽ നിന്ന് ഒഴിവാക്കി, കൈപ്പാട്-പൊക്കാളി സംയോജിത മത്സ്യ നെൽ കൃഷിക്ക് ധനസഹായം, വികസന വാർത്തകൾ ഇനി ദൃശ്യങ്ങളായി സ്മാർട്ട് ഫോണിൽ, സെക്രട്ടേറിയറ്റ് അനക്സ് -II ഉദ്ഘാടനം തുടങ്ങിയ സുപ്രധാനമായ വികസന ക്ഷേമ പ്രവർത്തനങ്ങൾ സർക്കാർ കാലാകാലങ്ങളിൽ ക്രിയാത്മകമായി നടപ്പിലാക്കിയിട്ടുണ്ട്. വികസന ക്ഷേമപ്രവർത്തനങ്ങൾ ഇനിയും കാലാകാലങ്ങളിൽ നടപ്പിലാക്കാൻ സർക്കാരിന്റെ ഭാഗത്ത് നിന്ന് നടപടികൾ കൈക്കൊണ്ടുവരുന്നു. |

സെക്ഷൻ ഓഫീസർ